എ.വൈ.ആർ

**പ്രഥമദൃഷ്ട്യാ ഒരാളുടെ വ്യക്തിത്വം സൂചിപ്പിക്കുന്ന ചേഷ്ഠയാണ് നടത്തം. അഹങ്കാരികളുടെ, അധികാരപ്രമത്തരുടെ, കപടനാട്യക്കാരുടെയൊക്കെ നടത്തം അവരുടെ ആ പ്രകൃതത്തെ വിളിച്ചറിയിക്കും. വിനയവും വിവേകവും വിവരവുമുള്ളവരുടെ നടത്തത്തിൽ ആ ഗുണങ്ങളും വിളങ്ങും.**



وَعِبَادُ الرَّحْمَٰنِ الَّذِينَ يَمْشُونَ عَلَى الْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ الْجَاهِلُونَ قَالُوا سَلَامًا ﴿٦٣﴾

**63.** പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ വിനീതമായി ചരിക്കുന്നവരാകുന്നു. അവിവേകികൾ തർക്കിക്കാൻ ചെന്നാൽ അവർ സലാം പറഞ്ഞു പിന്മാറുന്നു.

**63**

وَعِبَادُ الرَّحْمَٰنِ = പരമകാരുണിക(കനായ അല്ലാഹുവി)ന്റെ ദാസന്മാർ

الَّذِينَ يَمْشُونَ عَلَى الْأَرْضِ = ഭൂമിയിന്മേൽ നട(ചരി)ക്കുന്നവരാകുന്നു  هَوْنًا = വിനീതമായി, സൗമ്യമായി

وَإِذَا خَاطَبَهُمُ = അവരോട് സംസാരിച്ചാൽ (തർക്കിക്കാൻ ചെന്നാൽ)  الْجَاهِلُونَ = അവിവേകികൾ, മൂഢജനം

قَالُوا سَلَامًا = അവർ സലാം പറഞ്ഞു (പിന്മാറുന്നു)

പരമകാരുണികനായ ഏകദൈവത്തെ നമിക്കാൻ ഉപദേശിച്ചാൽ 'എന്ത് പരമകാരുണികൻ, അങ്ങനെയൊരേക ദൈവത്തെ ഞങ്ങൾക്കറിഞ്ഞുകൂടാ, നീ പറയുന്നവരെയൊക്കെ ഞങ്ങൾ നമിക്കാനോ?' എന്നു ധിക്കരിക്കുന്നവരുടെ അഹന്തയും അവിവേകവും നിറഞ്ഞ സ്വഭാവമാണല്ലോ മുൻ സൂക്തം പരാമർശിച്ചത്. തുടർന്ന് പരമകാരുണികനായ അല്ലാഹുവിലും അവന്റെ ധർമശാസനകളിലും വിശ്വസിക്കുകയും അവന്റെ ദൂതനെ നിഷ്കളങ്കമായി പിന്തുടരുകയും ചെയ്യുന്ന ദൈവദാസന്മാരിൽ സത്യവിശ്വാസവും പ്രവാചക ശിഷ്യത്വവും സൃഷ്ടിക്കുന്ന സ്വഭാവചര്യകൾ വിവരിച്ചുകൊണ്ട് സൂറഃ സമാപനത്തിലേക്ക് കടക്കുകയാണ്. ദൈവത്തെ അവന്റെ ഏറ്റം ശ്രേഷ്ഠനാമമായ 'റഹ്മാൻ' എന്നു വിളിക്കുന്നതു പോലും അരോചകമായി കാണുന്ന ഇസ്‌ലാംവിരോധികൾക്കും മുസ്‌ലിംകൾക്കും മുമ്പിൽ മാനവികമായ ഔന്നത്യവും അധമത്വവും വ്യക്തമായി പ്രതിഫലിക്കുന്ന ദർപ്പണം സ്ഥാപിക്കുകയാണിവിടെ. ദൈവധിക്കാരികൾക്ക് അവരുടെ ജീവിതത്തിന്റെ ദുഷിപ്പുകളും വിശ്വാസജീവിതത്തിന്റെ സൗന്ദര്യവും മനസ്സിലാക്കാം. അതോടൊപ്പം വിശ്വാസികളെ സ്വന്തം ജീവിതത്തിൽ സാക്ഷാത്കരിക്കേണ്ട നന്മകൾ എന്തൊക്കെയാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

പരമകാരുണികനായ അല്ലാഹുവിന്റെ ദാസ്യം ആത്മാർഥമായി കൈക്കൊള്ളുന്നവരിൽ ആ ദൈവിക ഗുണങ്ങളുടെ താൽപര്യങ്ങൾ വിളങ്ങിക്കൊണ്ടിരിക്കും. വിനയവും വിവേകവും അച്ചടക്കവും തുളുമ്പുന്നതായിരിക്കും അവരുടെ സ്വഭാവചര്യകൾ. يَمْشُونَ عَلَى الْأَرْضِ هَوْنًا (ഭൂമിയിൽ വിനീതമായി ചരിക്കുന്നവർ) എന്നാണ് മൂലവാക്യം. مَشْيٌ നടത്തമാണ്. ഈ പദം നേരത്തേ സൂറഃ *അൽ ഇസ്റാഅ്* 37-ാം സൂക്തത്തിൽ വന്നിട്ടുണ്ട്. *ലുഖ്മാൻ* 19-ാം സൂക്തത്തിൽ ഇനിയും വരുന്നുമുണ്ട്. നിഗളിക്കാതെ, വിനയത്തോടെ, മിതത്വത്തോടെ നടക്കുകയാണ് സത്യവിശ്വാസത്തിന്റെയും ദൈവദാസ്യത്തിന്റെയും താൽപര്യം. *അൽ ഇസ്റാഅ്* 37-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഖുർആൻ مشي ഉപയോഗിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം

ഉദ്ദേശിച്ചിട്ടുള്ളത് കാലുകൾ കൊണ്ട് ചുവടുവെച്ചുള്ള നീക്കം മാത്രമല്ല. വ്യക്തിയുടെ മുഴുവൻ ചലനങ്ങളെയുമാകുന്നു. ചീത്ത സ്വഭാവങ്ങൾ പുലർത്തുന്നവരെ ദുർനടപ്പുകാരെന്നും സൽസ്വഭാവികളെ നല്ല നടപ്പുകാരെന്നും നമ്മുടെ ഭാഷയിലും പറയാറുണ്ടല്ലോ. പ്രഥമദൃഷ്ട്യാ ഒരാളുടെ വ്യക്തിത്വം സൂചിപ്പിക്കുന്ന ചേഷ്ഠയാണ് നടത്തം. അഹങ്കാരികളുടെ, അധികാരപ്രമത്തരുടെ, കപടനാട്യക്കാരുടെയൊക്കെ നടത്തം അവരുടെ ആ പ്രകൃതത്തെ വിളിച്ചറിയിക്കും. വിനയവും വിവേകവും വിവരവുമുള്ളവരുടെ നടത്തത്തിൽ ആ ഗുണങ്ങളും വിളങ്ങും. നാട്ടിൽ ഉണ്ടായിരുന്ന സാത്വികനും സംശുദ്ധനും പരോപകാരിയുമായ പണ്ഡിതനെക്കുറിച്ച് ഒരമുസ്‌ലിം സഹോദരി പറഞ്ഞ വാക്കുകളോർക്കുകയാണ്: "അയ്യോ അയാൾ നടന്നുപോകുന്നതു കണ്ടാൽ ദൈവം നടന്നുപോവുകയാണെന്നു തോന്നും." അത്രത്തോളം പറയാൻ പാടുണ്ടോ എന്നത് മറ്റൊരു വിഷയമാണ്. അതുമാറ്റിവെച്ചാൽ വിനീതനും വിവേകിയും വിജ്ഞനും പരോപകാരിയുമായ ഒരു സത്യവിശ്വാസിയുടെ നടത്തം സാധാരണക്കാരിലുണർത്തുന്ന ആദരാനുഭൂതിക്ക് നല്ലൊരുദാഹരണമാണിത്.

മൂലത്തിലെ هَوْنا എന്ന പദത്തിന് ഭാഷയിൽ വിവിധ അർഥങ്ങളുണ്ട്. മൃദുലം, സരളം, ലളിതം, നീചം, ബാലിശം, അവശം എന്നിങ്ങനെ. وَلَا تَهِنُوا وَلَا تَحْزَنُوا (നിങ്ങൾ ദുർബലരാവരുത്, ദുഖിക്കരുത്-3:139). حَمَلَتْهُ أُمُّهُ وَهْنًا عَلَىٰ وَهْنٍ (മാതാവ് അവനെ അവശതക്കുമേൽ അവശത സഹിച്ച് ഗർഭം ചുമന്നു-31:14). ماء مهين കീടനീരാണ്. عذاب مهين നിന്ദ്യമായ ശിക്ഷ. അടുത്ത 69-ാം സൂക്തത്തിൽ وَيَخْلُدْ فِيهِ مُهَانا (നിന്ദിതരായി അതിൽ നിത്യവാസം ചെയ്യുന്നു) എന്നു വരുന്നുണ്ട്. 30:27-ലെ وَهُوَ أَهْوَنُ عَلَيْهِ എന്ന വാക്കിനർഥം അതവന് അതീവ ലളിതമാകുന്നു എന്നാണ്. ഹൗനും വഹ്നും ഉച്ചാരണത്തിലെന്ന പോലെ അർഥത്തിലും സമാനതയുള്ള രണ്ടു മൂലപദങ്ങളാണ്. ദൗർബല്യത്തിന്റെയും നിസ്സാരതയുടെയും ആശയം രണ്ടു പദവും പങ്കുവെക്കുന്നുണ്ട്. 'വഹ്ന്' ദൗർബല്യത്തെ സൂചിപ്പിക്കാൻ കൂടുതൽ ഉപയോഗിക്കപ്പെടുന്നു. സൗമനസ്യത്തിന്റെയും ലാളിത്യത്തിന്റെയും ആശയമാണ് 'ഹൗനി'ൽ മുഴച്ചുനിൽക്കുന്നത്. സുറിയാനി ഭാഷയിൽ സൗമനസ്യം, സഹിഷ്ണുത, വിനയം, വിവേകം തുടങ്ങിയ അർഥങ്ങളിലുള്ള പദമാണ് 'ഹൗൻ' എന്നും അതേ അർഥങ്ങളിലാണ് ഖുർആൻ ഇവിടെ ഉപയോഗിച്ചിട്ടുള്ളതെന്നും ളഹ്ഹാക്ക്, അബൂ ഇംറാനിൽ ജൗസി, മൈമൂൻ ബിൻ മിഹ്റാൻ തുടങ്ങിയ താബിഈ പണ്ഡിതന്മാർ പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. സൗമ്യവും ശാന്തവും മാന്യവും എന്ന അർഥത്തിലാണ് അറബികൾ 'ഹൗൻ' ഉപയോഗിക്കാറുള്ളതെന്ന് ഇമാം മുഹമ്മദുൽ ഹസൻ പ്രസ്താവിച്ചിരിക്കുന്നു.

വിനീതരും വിവേകികളും പ്രശാന്തരുമായി ചരിക്കുന്ന ദൈവദാസന്മാരുടെ രണ്ടാമത്തെ ഗുണമായി പ്രസ്താവിക്കുന്നത് وَإِذَا خَاطَبَهُمُ الْجَاهِلُونَ قَالُوا سَلَامًا (അവിവേകികൾ സംസാരിക്കാൻ വന്നാൽ അവർ 'സലാം' പറഞ്ഞ് ഒഴിഞ്ഞുമാറിപ്പോകും) എന്നാണ്. خطبة (പ്രഭാഷണം) യിൽനിന്നുള്ള ഒരു ക്രിയാ രൂപമാണ് خاطب. പരസ്പരം അഭിമുഖമായി സംസാരിക്കുന്നതിന് مخاطبة എന്ന് പറയും. സംസാരിക്കുന്നവൻ خطيب -ഉം സംസാരിക്കപ്പെടുന്നവൻ مُخَاطب -ഉം ആണ്. പ്രഭാഷകൻ, പ്രഭാഷിതൻ എന്ന അർഥത്തിലും ഉപയോഗിക്കും. خِطبة വിവാഹാലോചനയാണ്. مخاطبة കൊണ്ട് ഈ സന്ദർഭത്തിൽ ഉദ്ദേശിച്ചിട്ടുള്ളത് സത്യവിശ്വാസികളെ ഉന്നമാക്കി സത്യവിരോധികൾ ഉന്നയിക്കുന്ന അർഥശൂന്യമായ ആക്ഷേപശകാരവും വിമർശനവും പരിഹാസവും അവഹേളനവും കുതർക്കങ്ങളുമൊക്കെയാണ്. ഇത്തരം ആളുകളോട് യഥാർഥ വിശ്വാസികൾ വൈകാരികമായി പ്രതികരിക്കുകയില്ല. യാഥാർഥ്യങ്ങൾ കേൾക്കാനോ മനസ്സിലാക്കാനോ കൂട്ടാക്കാത്തവരോട് തർക്കിക്കുന്നത് നിഷ്ഫലമാണ്. ഇങ്ങോട്ട് തർക്കിക്കാൻ വരുന്നവരോട് 'സലാം' പറഞ്ഞ് മാറിക്കളയണം. മക്കയിലെ വിശ്വാസികൾ പ്രവാചകനെയും സഖാക്കളെയും നിർലോഭം ആക്ഷേപിക്കുകയും അപമാനിക്കുകയുമൊക്കെ ചെയ്തിരുന്നു. പ്രവാചകനോ ശിഷ്യന്മാരോ അതേ നാണയത്തിൽ തിരിച്ചടിക്കുകയോ രോഷാകുലരായി പ്രതികാരത്തിനൊരുമ്പെടുകയോ ചെയ്തിരുന്നില്ല. അവരുടെ ഈമാൻ അതിനനുവദിച്ചിരുന്നില്ല. അത്തരം നടപടികളും വർത്തമാനങ്ങളുമായി വരുന്നവരോട് സലാം ചൊല്ലി പിരിയുകയാണ് ഇസ്‌ലാം അവരെ പഠിപ്പിച്ച മര്യാദ. ഇവിടെ قَالُوا سَلَامًا (അവർ സലാം പറയുന്നു) എന്ന വാക്കിന് രണ്ടു വിവക്ഷകളാകാം. ഒന്ന്, അസ്സലാമു അലൈകും-നിങ്ങൾക്ക് സമാധാനം ഭവിക്കട്ടെ, നല്ലതു വരട്ടെ-എന്നാശംസിച്ചുകൊണ്ട് പിന്തിരിയുക. രണ്ട്, സലാം-സമാധാനം-എന്ന് മാത്രമുരുവിട്ട് പിന്മാറുക. ഞങ്ങൾ നിങ്ങളോട് തർക്കിക്കാനും കലഹിക്കാനുമില്ല, ഞങ്ങൾക്ക് ഞങ്ങളുടെ വഴി, നിങ്ങൾക്കു നിങ്ങളുടെ വഴി എന്നാണതിന്റെ താൽപര്യം. രണ്ടാശയങ്ങളും സാധുവാകുന്നു. ഇവിടെ രണ്ടു സംഗതികൾ സവിശേഷം ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്ന്, അവിശ്വാസികളോടോ വിമർശകരോടോ സംസാരിക്കുന്നതിനെയല്ല, ജാഹിലുകളോട് സംസാരിക്കുന്നതിനെയാണ് ഈ സൂക്തം വിലക്കുന്നത്. ജാഹിലിന്റെ ബഹുവചനമാണ് ജാഹിലൂൻ. അജ്ഞന്മാർ എന്നും അവിവേകികൾ എന്നും ഈ പദത്തിനർഥമുണ്ട്. ഇവിടെ ഉദ്ദേശ്യം ദൈവിക സന്ദേശം ശ്രദ്ധിച്ചുകേൾക്കാനോ അതിന്റെ യാഥാർഥ്യത്തെക്കുറിച്ച് ചിന്തിക്കാനോ തയാറാവാതെ അന്ധമായി ഇസ്‌ലാമിനെ അധിക്ഷേപിക്കാനും മുസ്‌ലിംകളെ അക്രമിക്കാനും ധൃഷ്ടരാകുന്ന അവിവേകികളെയാണ്. സത്യമറിയാൻ താൽപര്യമുള്ള ആർക്കും അതെത്തിച്ചുകൊടുക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയാണ്. ഖുർആൻ കൽപിക്കുന്നു:

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ ۖ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ ۚ

(യുക്തിപൂർവം ഭംഗിയായി ഉപദേശിച്ചുകൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് പ്രബോധനം ചെയ്യുക. നല്ല രീതിയിൽ ജനത്തോട് സംവദിക്കുകയും ചെയ്യുക-16:125). സത്യമറിയാതെ തെറ്റിദ്ധാരണകൾ മൂലം ഇസ്‌ലാമിനെ ആക്ഷേപിക്കുന്ന വിമർശകരോടാണ് ഇവിടെ സംവദിക്കാൻ ആവശ്യപ്പെടുന്നത്. അവരുടെ വിമർശനങ്ങൾക്കും സംശയങ്ങൾക്കും സംവാദത്തിലൂടെ വ്യക്തമായ വിശദീകരണം നൽകണം. വിമർശ

കരുടെ ഉപദ്രവങ്ങൾ സാരമാക്കാതെ അവരുടെ മനസ്സിൽ തറക്കുംവണ്ണം സദുപദേശം ചെയ്യുകയാണ് വേണ്ടത്. (فَأَعْرِضْ عَنْهُمْ وَعِظْهُمْ وَقُل لَّهُمْ فِي أَنفُسِهِمْ قَوْلًا بَلِيغًا ﴿٦٣﴾ അതിനാൽ അവരെ വിട്ടേക്കുക. അവർക്ക് സദുപദേശം നൽകുക. അവരോട് ഉള്ളിൽതട്ടുന്ന വാക്ക് പറയുകയും ചെയ്യുക-4:63). فَذَكِّرْ إِن نَّفَعَتِ الذِّكْرَىٰ ﴿٩﴾ (പ്രബോധനം ഗുണകരമാകുമെങ്കിൽ പ്രബോധനം ചെയ്തുകൊണ്ടിരിക്കണം-87:9).

ശ്രദ്ധേയമായ രണ്ടാമത്തെ സംഗതി ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തമാകുന്നു. നോവലുകളിലൂടെ, നാടകങ്ങളിലൂടെ, സിനിമകളിലൂടെ, കാർട്ടൂണുകളിലൂടെ ഒക്കെ ഇസ്‌ലാമിനെയും അന്ത്യപ്രവാചകനെയും അധിക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന പ്രവണത ലോകത്തെങ്ങും ഇസ്‌ലാംവിരോധികളിൽ വളർന്നുവന്നിരിക്കുന്നു. സത്യത്തിന്റെയും ന്യായത്തിന്റെയും പിൻബലത്തോടെ ഇസ്‌ലാമിനെ നേരിടാൻ കഴിയാത്ത ബൗദ്ധിക ഭീരുക്കൾ ആഗോള സമൂഹത്തിൽ ഇസ്‌ലാമിന്റെ പ്രതിഛായ വികൃതമാക്കാൻ അവലംബിക്കുന്ന കുതന്ത്രമാണിത്. ഇതുവഴി വഞ്ചിതരാകുന്ന ജനങ്ങളുടെ തെറ്റിദ്ധാരണകൾ ദൂരീകരിക്കാൻ യുക്തമായ മാർഗങ്ങൾ സ്വീകരിക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയാണ്. സ്വീകരിക്കപ്പെടുന്ന ഏതു മാർഗവും മുകളിൽ സൂചിപ്പിച്ച തത്ത്വങ്ങളിലധിഷ്ഠിതമായിരിക്കണം. ദൗർഭാഗ്യവശാൽ ഇസ്‌ലാമിനെക്കുറിച്ചും അന്ത്യപ്രവാചകനെക്കുറിച്ചും ആരെങ്കിലും ഒരു സിനിമയോ കാർട്ടൂണോ രചിച്ചാൽ അവരോട് സലാം പറഞ്ഞ് മാറിനിൽക്കുന്നതിനു പകരം വിശ്വാസികൾ വികാരവിക്ഷുബ്ധരായി ഹിംസാത്മക ഭീകര നടപടികളിലേർപ്പെടുന്നതാണ് പലപ്പോഴും കാണപ്പെടുന്നത്. ഈ സൂക്തങ്ങൾ നൽകുന്ന നിർദേശങ്ങൾക്ക് തികച്ചും വിരുദ്ധമാണീ നിലപാട്. മാത്രമല്ല ഇതുവഴി ഇസ്‌ലാംവിരോധികൾ അവരുടെ ലക്ഷ്യം നിഷ്പ്രയാസം നേടുകയും ചെയ്യുന്നു. പ്രവാചകന്റെ കാലത്തുണ്ടായിരുന്ന മുഖ്യപ്രചാരണമാധ്യമങ്ങൾ കവിതയും പ്രഭാഷണങ്ങളുമായിരുന്നു. ഈ രണ്ട് ഉപാധികളിലൂടെയും പ്രതിയോഗികൾ പ്രവാചകനെയും ദൈവിക സന്ദേശത്തെയും അധിക്ഷേപിക്കുകയും അപവദിക്കുകയും ചെയ്തുകൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് പരമകാരുണികന്റെ ദാസന്മാർ (عِبَادُ الرَّحْمَٰنِ) അവിവേകികളോട് പെരുമാറേണ്ടതെങ്ങനെയെന്ന് അല്ലാഹു നിർദേശിച്ചുതരുന്നതെന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. വിവേകശൂന്യരുടെ അർഥശൂന്യമായ പരിഹാസങ്ങളും അധിക്ഷേപങ്ങളും കേൾക്കുമ്പോൾ മാന്യമായി അവഗണിക്കുന്നതിനു പകരം വികാരക്ഷോഭത്താൽ അക്രമാസക്തരാകുന്നത് വിവേകപൂർണവും വിനീതവും ശാന്തവുമായ ചര്യക്ക്- مشي الهون -വിരുദ്ധമാണെന്നാണ് അവിവേകികൾ അഭിമുഖീകരിച്ചാൽ സലാം പറഞ്ഞ്, അഥവാ മാന്യമായി അവഗണിച്ച് പിന്തിരിയണം എന്ന നിർദേശം സ്പഷ്ടമാക്കുന്നത്. ■

وَالَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَامًا ﴿٦٤﴾

64. സാഷ്ടാംഗം പ്രണാമം ചെയ്തുകൊണ്ടും നിന്നുകൊണ്ടും വിധാതാവിനെ ആരാധിച്ചു രാവുകഴിക്കുന്നവരും.

وَالَّذِينَ يَقُولُونَ رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا ﴿٦٥﴾

65. 'നാഥാ, ഞങ്ങളിൽനിന്ന് നരകശിക്ഷ ഒഴിവാക്കേണമേ, നരകശിക്ഷ തീർച്ചയായും തീരാക്കടമാണല്ലോ' എന്നു പ്രാർഥിക്കുന്നവരും.

إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا ﴿٦٦﴾

66. അതിദുഷ്ടമായ പാർപ്പിടവും സ്ഥാനവും തന്നെയാണത്.

**64–66**

وَالَّذِينَ يَبِيتُونَ = രാപ്പാർക്കുന്നവരും (രാവ് കഴിക്കുന്നവരും) لِرَبِّهِمْ = അവരുടെ വിധാതാവിന് (വിനെ ആരാധിച്ചു)

سُجَّدًا وَقِيَامًا = സാഷ്ടാംഗം പ്രണാമം ചെയ്തുകൊണ്ടും നിന്നുകൊണ്ടും

وَالَّذِينَ يَقُولُونَ = പറയുന്നവർ (പ്രാർഥിക്കുന്നവരുമാകുന്നു) رَبَّنَا = ഞങ്ങളുടെ നാഥാ

اصْرِفْ عَنَّا عَذَابَ جَهَنَّمَ = ഞങ്ങളിൽനിന്ന് നരകശിക്ഷ തെറ്റിക്കേണമേ (ഒഴിവാക്കേണമേ)

إِنَّ عَذَابَهَا = തീർച്ചയായും അതിന്റെ (നരക) ശിക്ഷ كَانَ غَرَامًا = ഒഴിയാത്ത ബാധ്യത (തീരാക്കടം) ആയി(ആണല്ലോ)

إِنَّهَا سَاءَتْ = അത് ചീത്തയായ(അതിദുഷ്ടമായ)തുതന്നെയാണത് مُسْتَقَرًّا = സ്ഥിരവാസ സ്ഥലത്താൽ (പാർപ്പിടവും)

وَمُقَامًا = നിലനിൽപ്പിനാൽ, സ്ഥലത്താൽ (സ്ഥാനവും)

بَاتَ (രാപ്പാർത്തു)യുടെ ഭാവികാല ക്രിയാവചനമാണ് يبيت. 'രാവുകാലം കഴിച്ചുകൂട്ടുക' എന്നാണ് അർഥം. ആളുകൾ രാത്രി കഴിച്ചുകൂട്ടുന്ന സ്ഥലം എന്ന നിലയിൽ വീടിന് 'ബൈത്' എന്നു പറയുന്നു. ساجدا (സാഷ്ടാംഗം പ്രണമിക്കുന്നവൻ)ന്റെ മറ്റൊരു രൂപമാണ് سجّد. ഇത് ഏകവചനമായും ബഹുവചനമായും ഉപയോഗിക്കും. مستقر -ന്റെയും مقام -ന്റെയും അർഥം ഒന്നുതന്നെയാണ്. സ്ഥിര വാസസ്ഥലവും ഉറച്ച നിലപാടും. സ്ഥിര വാസസ്ഥലത്തിനാണ് مُسْتَقَر ഏറെയും ഉപയോഗിക്കുക. വാസസ്ഥലത്തിനു പുറമെ പദവി, അവസ്ഥ, നിലവാരം തുടങ്ങിയ അർഥങ്ങളും مقام -ന് ഉണ്ട്. مستقر -നോടൊപ്പം വരുമ്പോൾ പദവി എന്ന ആശയമാണ് കൂടുതൽ ഉചിതമാവുക. مُسْتَقَر സ്ഥിര വാസസ്ഥലവും مقام താൽക്കാലിക വാസസ്ഥലവുമാണെന്നും ചില പണ്ഡിതന്മാർ അർഥം കൽപിച്ചിരിക്കുന്നു. നരകം സ്ഥിരവാസത്തിനിരിക്കട്ടെ, താൽക്കാലികവാസത്തിനുപോലും അത്യന്തം ദുഷ്ടമായ സ്ഥലമാണെന്ന് താൽപര്യം. തീരാത്ത ബാധ്യതയാണ് غرام. കൊടുത്തു തീർക്കാനാവാത്ത കടക്കെണിയിൽപെടുന്നതിനും പിഴക്കും പ്രായശ്ചിത്തത്തിനും നിസ്വതക്കും غرامة എന്നു പറയും. غريم ഉത്തമർണനും غارم അധമർണനുമാണ്. പീഡനത്തെ غرام എന്നു വിശേഷിപ്പിക്കുമ്പോൾ ആശയം ഒരിക്കലും അനുഭവിച്ചുതീരാതെ കാലാകാലം തുടരുന്നത് എന്നാവാം. അല്ലെങ്കിൽ നിർബന്ധമായി അനുഭവിക്കേണ്ടതും ഒഴിവാക്കാനാവാത്തതും എന്നുമാവാം.

മുൻസൂക്തത്തിൽ പരമകാരുണികന്റെ ദാസന്മാരുടെ പൊതുജീവിതത്തിന്റെ സ്വഭാവമാണ് സൂചിപ്പിക്കപ്പെട്ടത്. തുടർന്ന് അവരുടെ സ്വകാര്യജീവിതത്തെ വർണിക്കുകയാണ്. അവർ തികഞ്ഞ ദൈവഭക്തന്മാരും ദൈവാരാധകരും ദൈവഭയമുള്ളവരും തട്ടിമാറ്റാനാവാത്ത നരകശിക്ഷയിലകപ്പെടാതിരിക്കാൻ അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കും. നമിക്കുന്നവരും നിൽക്കുന്നവരുമായി രാപ്പാർക്കുക (يَبِيتُونَ سُجَّدًا وَقِيَامًا) എന്നതിന്റെ വിവക്ഷ രാത്രി കാലത്ത് നമസ്കാരത്തിലേർപ്പെടുന്നവർ എന്നാണ്. രാത്രി നമസ്കാരത്തിന്റെ ഏറ്റവും മിനിമവും നിർബന്ധവുമായ വിഹിതമാണ് അസ്തമയസമയത്തെ മഗ്‌രിബ് നമസ്കാരവും അത്താഴ സമയത്തെ ഇശാ നമസ്കാരവും. ഇതിനു പുറമെ രാവിൽ അൽപം ഉറങ്ങിയ ശേഷം ഇടക്ക് എഴുന്നേറ്റ് ദീർഘനേരം നമസ്കരിക്കുന്നതും ഇവിടെ ഉദ്ദേശ്യമാകുന്നു. ഇതിന് സാങ്കേതികമായി 'ഖിയാമുല്ലൈൽ' എന്നും 'തഹജ്ജുദ്' എന്നും പറയാറുണ്ട്. വിശ്വാസികളുടെ ഭക്തിയുടെയും ദൈവസ്നേഹത്തിന്റെയും ഭയത്തിന്റെയും നിറവനുസരിച്ചായിരിക്കും തഹജ്ജുദിന്റെ ദൈർഘ്യവും ഗുണവും. തഹജ്ജുദ് നമസ്കാരം പരാമർശിക്കുന്ന സൂറഃ *അൽ ഇസ്റാഅ്* 79-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* ഈ വിഷയം കൂടുതൽ ചർച്ച ചെയ്തിരിക്കുന്നു.

ഈ സന്ദർഭത്തിൽ വചനസാരമിതാണ്: അല്ലാഹുവിനെക്കുറിച്ച് ബോധമില്ലാത്തവരും പ്രവാചക സന്ദേശത്തെ തള്ളിപ്പറയുന്നവരുമായ ധിക്കാരികൾ അവരുടെ നിശാകാലം നൈറ്റ് ക്ലബുകളിലും ബാറുകളിലും ചെന്തെരുവുകളിലും ചെലവഴിക്കുമ്പോൾ പരമകാരുണികനായ അല്ലാഹുവിന്റെ ദാസ്യം സ്വീകരിച്ചവർ അവരുടെ നിശകൾ നീണ്ട നമസ്കാരത്തിലും നരകമോചനത്തിനു വേണ്ടിയുള്ള മനസ്സുരുകിയ പ്രാർഥനകളിലുമായി കഴിച്ചുകൂട്ടുന്നു. അവരെ സംബന്ധിച്ചേടത്തോളം നരകം കേവല ഭാവനയോ വിദൂര സാധ്യതയോ അല്ല. അനതിവിദൂര ഭാവിയിൽ ഈ ലോകത്തോട് വിടപറയുന്നതോടെ അഭിമുഖീകരിക്കേണ്ടിവരുന്ന യാഥാർഥ്യമാണ്. അല്ലാഹു നൽകിയ ജീവിതത്തിന് സത്യവിശ്വാസത്തിന്റെയും സൽക്കർമത്തിന്റെയും രൂപത്തിൽ കൊടുക്കേണ്ട വില യഥാവിധി കൊടുത്തുതീർക്കാത്തതിനാൽ വരുന്ന കടബാധ്യതയാണ് നരകത്തിന്റെ രൂപത്തിൽ മുമ്പിലെത്തുന്നത്. അത് എഴുതിത്തള്ളാനും വിട്ടൊഴിവാക്കാനും ഉത്തമർണനായ അല്ലാഹുവിനു മാത്രമേ അധികാരമുള്ളൂ. അതിനുവേണ്ടി അവനോട് യാചിക്കാൻ മാത്രമേ തങ്ങൾക്കു കഴിയൂ. നരകമാകട്ടെ ഏറ്റം ദുഷ്ടമായ സ്ഥിരവാസസ്ഥലമാണ്. അതിലകപ്പെടുന്നവരുടെ അവസ്ഥ ഏറ്റം പരിതാപകരവുമാണ്. അല്ലെങ്കിൽ സ്ഥിരവാസം മാത്രമല്ല താൽക്കാലിക വാസം പോലും ദുസ്സഹമായ സ്ഥലമാണ്. إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا എന്ന വചനം വിശ്വാസികളുടെ പ്രാർഥനയുടെ ഭാഗമാവണമെന്നില്ല. ആ പ്രാർഥനക്കനുബന്ധമായി, നരകം തീർച്ചയായും മോചനം തേടപ്പെടേണ്ട ഭീകരമായ പീഡനകേന്ദ്രം തന്നെയാണെന്ന് അല്ലാഹു പറയുന്നതുമാവാം.

■